# പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 2044 — 08.12.2014 -ലെ മറുപടിക്ക്

## പി.പി. മനോജ് കൊലചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട കേസ്സ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ഇ.പി. ജയരാജൻ** | | **ശ്രീ. രമേശ് ചെന്നിത്തല** (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ അഞ്ചാംപീടികയിൽ കോലത്തുവയലിൽ ശ്രീ. സോമന്റെ മകൻ പി.പി. മനോജ് കൊലചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട് കേസ്സ് രജിസ്റ്റർ ചെയ്തത് ഏതു പോലീസ് സ്റ്റേഷനിലാണ്; | (എ) | കണ്ണൂർ കണ്ണപുരം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 13/2011 u/s 143, 147, 148, 452, 324, 302 r/w 149 IPC & 3 & 5 of ES Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. |
| (ബി) | എന്നാണ് കേസ്സ് രജിസ്റ്റർ ചെയ്തതെന്ന് അറിയിക്കുമോ; | (ബി) | 18.01.2011-ാം തീയതി. |
| (സി) | കേസ്സന്വേഷണത്തെത്തുടർന്ന് എത്ര പേരെ പ്രതികളാക്കി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ആരെല്ലാമാണ പ്രതികളെന്നും പ്രതികളുടെ രാഷ്ട്രീയ ബന്ധം എന്താണെന്നും വ്യക്തമാക്കുമോ; | (സി) | ആകെ 8 പ്രതികളുള്ളതായി വെളിവായിട്ടുണ്ട്. ഇതിൽ 5 പേരെ തിരിച്ചറിഞ്ഞിട്ടുള്ളതും, 3 പ്രതികളെ ഇനിയും തിരിച്ചറിഞ്ഞിട്ടില്ലാത്തതുമാകുന്നു. തിരിച്ചറിഞ്ഞ 5 പ്രതികളുടെ പേര് വിവരം ചുവടെ പറയുന്നു. (1) സുനിൽ @ പാമ്പ് സുനി, (2) എം.സി. അരുൺ, (3) പി.വി. ലിജേഷ്, (4) ബിജു, (5) പി.സി. ഗിരിധരൻ. തിരിച്ചറിഞ്ഞ 5 പ്രതികളും ബി.ജെ.പി.യുടെ സജീവ പ്രവർത്തകരാണ്. |
| (ഡി) | ഇപ്പോൾ ഏത് ഉദ്യോഗസ്ഥന്റെ ചുമതലയിലാണ് കേസ്സന്വേഷണം നടക്കുന്നതെന്ന് പറയുമോ; | (ഡി) | വളപട്ടണം സർക്കിൾ ഇൻസ്പെക്ടറുടെ ചുമതലയിൽ. |
| (ഇ) | കേസ്സന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന വിവരിക്കുമോ; | (ഇ) | ടി കേസ് അന്വേഷണാവസ്ഥയിലാണ്. |
| (എഫ്) | കേസ്സിന്റെ ചാർജ്ജ് ഷീറ്റ് നൽകുന്നതിന കാലതാമസം നേരിടുന്നതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ? | (എഫ്) | തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ലാത്ത 3 പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യേണ്ടതായിട്ടുണ്ട്. ആയതിനാൽ കാലതാമസം നേരിടുന്നു. |

സെക്ഷൻ ഓഫീസർ